**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 895 — 30.11.2018 ന് മറുപടിയ്ക്ക്.

**<u>നാട്ടാനകളുടെ സുരക്ഷ</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| ശ്രീ.അൻവർ സാദത്ത് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) |
| (എ) നാട്ടാനകൾ നേരിടുന്ന പീഡനങ്ങൾ വർദ്ധിച്ചുവരുന്നതായ പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) നാട്ടാനകളെ ജില്ലക്ക് പുറത്ത് കൊണ്ടുപോകുമ്പോൾ മണിക്കൂറുകളോളം നടത്തിയും വാഹനങ്ങളിൽ കയറ്റിയും കൊണ്ടുപോയി പീഡിപ്പിക്കുന്നത് തടയുന്നതിന് നിലവിലുള്ള സംവിധാനം എന്താണ് എന്ന് വെളിപ്പെടുത്താമോ? | (ബി) ആനകളെ ഒരു സ്ഥലത്തുനിന്നും മറ്റൊരിടത്തേക്ക് കൊണ്ടുപോകുമ്പോൾ 2012-ലെ കേരള നാട്ടാന (കാര്യകർത്തൃത്വവും പരിപാലനവും) ചട്ടം 9-ൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ പാലിച്ചുകൊണ്ട് സോഷ്യൽ ഫോറസ്റ്റി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർ പെർമിറ്റ് നൽകുന്ന വാഹനത്തിൽ മാത്രം കൊണ്ടുപോകുവാനും, ആയത് പരിശോധിക്കുന്നതിന് വനം/പോലീസ്/റവന്യൂ ഉദ്യോഗസ്ഥർക്ക് അധികാരവും നൽകിയിട്ടുണ്ട്. കൂടാതെ നാട്ടാനകളെ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോകുന്നതിന് വെറ്ററിനറി ഡോക്ടർ ആനയെ പരിശോധിച്ച് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ